II.ഇ.ബി. XII--കേരള നിയമസഭ/V-16

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 17, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

119 (*511) വിവാഹ രജിസ്ട്രേഷൻ

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2006-ലെ കേരള രജിസ്ട്രേഷൻ ഓഫ് മാര്യേജ് (കോമൺ) റൂൾസ് എന്ന കരട് ചട്ടം സംസ്ഥാന സർക്കാർ തയ്യാറാക്കി വിജ്ഞാപനം ചെയ്ത് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയുണ്ടായിയെന്ന് സഭയെ അറിയിച്ചു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2007 ജൂൺ 13-ാം തീയതി മുഖ്യമന്ത്രി വിളിച്ചുചേർത്ത ക്രൈസ്തവ-മുസ്ലീം മതനേതാക്കന്മാരുടെയും മതസംഘടനാ നേതാക്കന്മാരുടെയും യോഗത്തിൽ മതപരമായ സമ്പ്രദായങ്ങളെ പ്രസ്തുത സുപ്രീം കോടതി വിധി പ്രതികൂലമായി ബാധിക്കുമെന്നുള്ള നിലപാട് ചില നേതാക്കൾ സ്വീകരിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ പുരോഗമനപരമായ സമീപനം സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെതന്നെ ആവശ്യമാണ്. അതിനാൽ സ്ത്രീകളുടേയും പെൺകുട്ടികളുടേയും അവകാശവും അഭിമാനവും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈ വിധിയിൽ ഉന്നയിച്ചിട്ടുള്ള വിഷയം സംസ്ഥാന ഗവണ്മെന്റ് വളരെ ഗൗരവമുള്ളതായി കണ്ടുകൊണ്ട് വീണ്ടും സുപ്രീം കോടതിയുടേയും കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കാണുന്നതിന് ശ്രമിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. 2007 ജൂലൈ 24-ാം തീയതി വീണ്ടും ഈ കേസ് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരുന്നതാണ് പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിനു മുമ്പുതന്നെ എല്ലാ സംസ്ഥാനങ്ങളോടും സുപ്രീം കോടതി അഭിപ്രായമാരായുകയും അതനുസരിച്ച് കഴിഞ്ഞ ഗവണ്മെന്റ് കൊടുത്ത അഫിഡവിറ്റിൽ മുസ്ലീം -ക്രൈസ്തവ സമുദായത്തിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ യാതൊരു വ്യവസ്ഥയുമില്ലെന്ന് വ്യക്തമാക്കിയിരുന്നുവെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഒരു നിയമം കൊണ്ടുവരുന്നതുസംബന്ധിച്ച് ഒന്നും വ്യക്തമാക്കിയിരുന്നില്ല. സുപ്രീം കോടതി വിധി വരുന്നതിനുമുമ്പുതന്നെ ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം ഉണ്ടായിരുന്നു. എന്നാൽ ഈ വിഷയത്തെ സംബന്ധിച്ച് കേന്ദ്ര നിയമത്തിന്റെ ആവശ്യമുണ്ടെന്നുള്ള കാര്യംകൂടി പരിഗണിച്ചുകൊണ്ടുള്ള തുടർ നടപടികളാണ് സംസ്ഥാനം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ മതവിഭാഗങ്ങൾക്കും ബാധകമാകുന്ന വിധത്തിലുള്ള നിയമമാണ് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ

വരാൻ പോകുന്നതെന്നും ഇതു സംബന്ധിച്ച് വീണ്ടും മതനേതാക്കന്മാരുടെ യോഗം ആവശ്യമെങ്കിൽ വിളിച്ചുചേർക്കാമെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വെളിപ്പെടുത്തി.

120 (* 512) <u>ഡാം സേഫ്റ്റി അതോറിറ്റി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഡാം സേഫ്റ്റി അതോറിറ്റി ചെയർമാന് ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതിന് പര്യാപ്തമായവിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയെന്നും വിദഗ്ദ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തി അതോറിറ്റി പുന:സംഘടിപ്പിച്ചുവെന്നും ഓഫീസ് കെട്ടിടം, ജീവനക്കാർ, വാഹനം തുടങ്ങി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ 22 ഡാമുകളുടെ സുരക്ഷ ലക്ഷ്യമാക്കി കേന്ദ്ര ഗവണ്മെന്റിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് രൂപീകരിച്ച ഈ അതോറിറ്റി 12 ഡാമുകൾ സന്ദർശിക്കുകയും ചിമ്മിനി ഡാമിൽ നിലവിലുള്ള ഫുൾ റിസർവോയറിലെ ജലനിരപ്പ് 3 മീറ്റർ താഴ്ത്തണമെന്ന് സംസ്ഥാന ഗവണ്മെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 62 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 11 ഡാമുകളെ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ അറ്റകുറ്റപണികൾ നിർവ്വഹിച്ചുവരുന്നു. മുല്ലപ്പെരിയാർ ഡാം മൂന്നു പ്രാവശ്യം ഡാം സേഫ്റ്റി അതോറിറ്റി സന്ദർശിക്കുകയും ഡാമിനെ സംബന്ധിച്ച് കൂടുതൽ പഠനം

ആവശ്യമാണെന്നു കണ്ടതിനാൽ കഴിഞ്ഞ മൂന്നു വർഷത്തെ വാട്ടർ ലവൽ ഉൾപ്പെടെ നിരവധി വിഷയങ്ങളെ സംബന്ധിച്ച് വിശദമായ നോട്ട് തയ്യാറാക്കി തമിഴ്നാട് ഡാം സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അതിനോട് പ്രതികരിക്കാൻ അവർ തയ്യാറായിട്ടില്ല. 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ ഭേദഗതി നിയമത്തിലെ 62-ാം വകുപ്പനുസരിച്ച് രൂപീകൃതമായ ഡാം സേഫ്റ്റി അതോറിറ്റിയുടെ കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റിയെ ചോദ്യം ചെയ്തുകൊണ്ട് തമിഴ്നാട് ഗവണ്മെന്റ് സമർപ്പിച്ചിട്ടുള്ള സ്യൂട്ട് അടുത്തമാസം രണ്ടാം തീയതി പരിഗണിക്കുന്നതുകൊണ്ട് തമിഴ്നാട്ടിലെ കർഷകരുടേയും കർഷകസംഘടനയുടേയും പേരിൽ കൊടുത്തിരിക്കുന്ന കേസ്സിന്റെ പരിഗണന 4 ആഴ്ചത്തേയ്ക്ക് നീട്ടി വച്ചിരിക്കുകയാണ്. പ്രസ്തുത അതോറിറ്റി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആയതിനാൽ ഗവണ്മെന്റ് അതിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ലെന്നും ക്വാസി ജുഡീഷ്യൽ ഓർഗനൈസേഷനായി പ്രവർത്തിക്കണമെന്നുള്ളതാണ് താൽപ്പര്യമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ ഡാമുകളിൽ ഡീസിൽറ്റിംഗ് ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചി, മലമ്പുഴ എന്നീ ഡാമുകളെ സംബന്ധിച്ച് പഠനം നടത്തിവരികയാണ്. പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വനം വകുപ്പിന്റെ അനുമതികൂടി ലഭ്യമായിക്കഴിഞ്ഞാൽ സംസ്ഥാനത്ത് ഡീസിൽറ്റിംഗ് ആരംഭിക്കാൻ കഴിയുന്നതാണെന്ന് ഉപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

121 (*513) <u>തൊഴിൽക്കരം</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, 2006-07-ൽ തൊഴിൽനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 54,12,06,972 രൂപയും നഗരസഭകൾക്ക് 63.71 കോടി രൂപയും ലഭിച്ചിട്ടുണ്ടെന്നും ഈ തുക വികസന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ശുചീകരണം തുടങ്ങിയവയ്ക്ക് ചെലവഴിക്കുന്നുവെന്നും സഭയെ അറിയിച്ചു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നികുതിയുടെ പരിധിയിൽ വരുന്നവർ അതാത് സാമ്പത്തികവർഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തുതന്നെ നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. നികുതി കൊടുക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ വ്യവസ്ഥ ചെയ്തിട്ടുള്ളതുകൂടാതെ നികുതി നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അതു നൽകേണ്ട തീയതിമുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ സഹിതം വസൂലാക്കുന്നതാണ്. സ്വകാര്യമേഖലയിലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്പ്പിറ്റലുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയലുകൾ, വിവര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, വക്കീലന്മാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, പ്രൊഫഷണലുകൾ തുടങ്ങി നികുതിയുടെ പരിധിയിൽ നിന്നും ഒഴിവായി നിൽക്കുന്നവരിൽ നിന്നും നികുതി പിരിക്കാൻ അടിയന്തിരനടപടി സ്വീകരിക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽക്കരം ഗ്രാമ പഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204, 205, 205 (എ) മുതൽ (കെ) വരെ വകുപ്പുകൾ പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും

മുനിസിപ്പൽ കോർപ്പറേഷനുകളിൽ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3 പട്ടിക പ്രകാരവുമാണ് തൊഴിൽക്കരത്തിനുള്ള നികുതി നിരക്കുകൾ. നിശ്ചയിച്ചിട്ടുള്ളത്. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ബോണസ്/ഫെസ്റ്റിവൽ അലവൻസ്, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടെയുള്ള അർദ്ധവാർഷിക വരുമാനമാണ് നികുതി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം. ഭരണഘടനയുടെ ആർട്ടിക്കിൾ 276 അനുസരിച്ച് ഒരു തൊഴിലിൽ നിന്നും ഒരാൾ ഒരു വർഷം അടയ്ക്കേണ്ട പരമാവധി തൊഴിൽ നികുതി 2500 രൂപയാണ്. ഈ പരിധിയിൽ നിന്നാണ് അതിനുതാഴെയുള്ള നികുതി സ്ലാബുകൾ നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോഴത്തെ തൊഴിൽ നികുതി നിരക്കുകൾ . 2005 ഏപ്രിൽ 30-ാം തീയതിയിലെ വിജ്ഞാപന പ്രകാരമുള്ളതാണ് 11-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ നികുതി പിരിവു സംബന്ധിച്ച ശുപാർശയനുസരിച്ച് ഭരണഘടന വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിൽക്കരം 100 ശതമാനവും കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നില്ലെന്നും അർഹതപ്പെട്ട മുഴുവൻ ആളുകളിൽനിന്നും നികുതി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

122 (*515) <u>ദേശീയ തൊഴിലുറപ്പ് പദ്ധതി</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ 12-ാം വകുപ്പനുസരിച്ച് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരിച്ചിട്ടു

ണ്ടെന്നറിയിച്ചു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരുടെ അവലോകനയോഗം നടത്തിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകന യോഗങ്ങൾ ഗ്രാമവികസന കമ്മീഷണർ നടത്തുന്നുണ്ട്. ഓരോ പ്രവൃത്തിയുടേയും പുരോഗതി അവലോകനം ചെയ്യാൻ പ്രാദേശികമായി ജാഗ്രതാ മേൽനോട്ട സമിതികൾക്ക് (Vigilance and Monitoring Committee) രൂപം കൊടുത്തിട്ടുണ്ട്. മൊത്തം പ്രവൃത്തികളുടെ 2 ശതമാനം സംസ്ഥാനതല ഉദോഗസ്ഥരും 10 ശതമാനം ജില്ലാതല ഉദ്യോഗസ്ഥരും 100 ശതമാനം ബ്ളോക്ക്തല ഉദ്യോഗസ്ഥരും ഭൗതിക ഗുണനിലവാര പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന/ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതികളും തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിനും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്ന തിനുമായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാരെ കണ്ടെത്തി പരിശീലനം നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

123 (*519) <u>യാചക പുനരധിവാസകേന്ദ്രം</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം നഗരസഭയിലെ യാചക പുനരധിവാസ കേന്ദ്രത്തിൽ നാളിതുവരെ 554 പേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നറിയിച്ചു.

നിലവിൽ ഈ കേന്ദ്രത്തിൽ 49 പേരെ പാർപ്പിച്ചിട്ടുണ്ട്. അവിടെ ഒരേസമയം 60 പേരെ താമസിപ്പിക്കാനുള്ള സൗകര്യമുണ്ട്.

124 (*521) ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങൾ

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഖരമാലിന്യ നിർമ്മാർജ്ജന നിയമപ്രകാരമുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്ത കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ ഉൾപ്പെടെ 159 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഖരമാലിന്യ സംസ്ക്കരണ പ്ളാന്റുകൾ സ്ഥാപിച്ചിട്ടുള്ളതുകൂടാതെ 15 നഗരസഭകളിലും 5 പഞ്ചായത്തുകളിലും മാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. 7 നഗരസഭകളിലും 3 പഞ്ചായത്തുകളിലും പ്ളാന്റ് നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ 17 നഗരസഭകളിലും 6 പഞ്ചായത്തുകളിലും ബയോഗ്യാസ് പ്ളാന്റുകളുമുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടുകൂടി വീടുവീടാന്തരം വേസ്റ്റ് ശേഖരണം ഭാഗികമായി നടക്കുന്നുണ്ട്. വായു സാന്നിധ്യത്തിലുള്ള കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോഗ്യാസ് ഉൽപ്പാദനം എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവലംബിച്ചുവരുന്ന സംസ്കരണ രീതികൾ.

125 (*523) ജവഹർലാൽ നെഹ്രു ദേശീയ നഗര പരിഷ്കരണ പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ജവഹർലാൽ നെഹ്രു ദേശീയ നഗരപരിഷ്കരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി

കോർപ്പറേഷനുകളിൽ ജലവിഭവ വകുപ്പിന്റെ താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നറിയിച്ചു.

തിരുവനന്തപുരം നഗരസഭയ്ക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ - ഒന്നാം ഘട്ടം- 87.16 കോടി രൂപ

തിരുവനന്തപുരം നഗരസഭയുടെ സ്വീവറേജ് പദ്ധതി മെച്ചപ്പെടു-ത്തൽ -ഒന്നാംഘട്ടം-215.41 കോടി രൂപ

കൊച്ചി നഗരത്തിനുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി-ഒന്നാം ഘട്ടം - 201.17 കോടി രൂപ

കൊച്ചി നഗരസഭയ്ക്കുവേണ്ടിയുള്ള സ്വീവറേജ് പദ്ധതി-ഒന്നാം ഘട്ടം -74.81 കോടി രൂപ

തിരുവന്തപുരം നഗരസഭയിലെ അംഗീകാരം ലഭിച്ച ശുദ്ധജലവിതരണ പദ്ധതി 2009-ലും സ്വീവറേജ് പദ്ധതി 2010-ലും കൊച്ചി നഗരസഭയിലെ പദ്ധതി തുടങ്ങി രണ്ട് വർഷ കാലയളവിനുള്ളിലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

126 (*524) <u>മെഡിക്കൽ കോളേജുകളിലെ ക്ഷയരോഗ നിയന്ത്രണ സെൽ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എല്ലാ മെഡിക്കൽ കോളേജുകളിലും ക്ഷയരോഗ നിയന്ത്രണ സെൽ പ്രവർത്തിക്കുന്നുണ്ടെന്നറിയിച്ചു. കണ്ണൂർ, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജുകളിലും എല്ലാ ഗവണ്മെന്റ് മെഡിക്കൽകോളേജുകളിലും ഒരു മെഡിക്കൽ ആഫീസർ, ഒരു സീനിയർ ട്രീറ്റ്മെന്റ് ലാബ് സൂപ്പർവൈസർ (STLS), ഒരു ലബോറട്ടറി ടെക്നീഷ്യൻ (എൽ.റ്റി), ഒരു ടി.ബി. ഹെൽത്ത് വിസിറ്റർ ( റ്റി.ബി.എച്ച്.വി) എന്നീ ഉദ്യോഗസ്ഥരെ RNTCP (Revised National TB Control Programme)-

യിൽ നിന്നും നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളിലും പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി RNTCP ഇതിനകംതന്നെ നടപ്പാക്കിക്കഴിഞ്ഞു. മെഡിക്കൽ കോളേജിലെ ഉദ്യോ ഗസ്ഥരാണ് ഇപ്പോൾ RNTCP യിൽ ജോലിചെയ്യുന്നത്. കേരളത്തിലാകെ ഇപ്പോൾ 67 ഗവണ്മെന്റ് ടി.ബി. യൂണിറ്റുകളും 367 മൈക്രോസ്കോപിക് യൂണിറ്റുകളും കൂടാതെ 104 സ്വകാര്യ മൈക്രോസ്കോപിക് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

127 (*527) "നിർമ്മൽ" പുരസ്കാരം

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിലെ 226 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ളോക്കുകൾക്കും "നിർമ്മൽ" പുരസ്കാരം ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. ഈ പുരസ്കാരംവഴി 1243 ലക്ഷം രൂപ അനുവദിച്ചതിൽ 725.24 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

128 (*528) ബേസിക് സപ്പോർട്ട് ഫോർ അർബൻ പുവർ പ്രോഗ്രാം

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേന്ദ്രസർക്കാരിന്റെ "ബേസിക് സപ്പോർട്ട് ഫോർ അർബൻ പുവർ" പദ്ധതിയനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷന് 4258.71 ലക്ഷം രൂപയുടെ രണ്ട് പദ്ധതികൾക്കും കൊച്ചിക്ക് 2661.24 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ടെന്നറിയിച്ചു. ഇതിനുവേണ്ടിയുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡുവായി തിരുവനന്തപുരം കോർപ്പറേഷന്റെ ഒന്നാംഘട്ട പദ്ധതിക്കായി 105.86 ലക്ഷം രൂപയും രണ്ടാംഘട്ട പദ്ധതിക്കായി

745.88 ലക്ഷം രൂപയും കൊച്ചി നഗരത്തിന് 332.66 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഈ പദ്ധതിപ്രകാരം 1184.40 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

129 (*533) തീരപ്രദേശങ്ങളിലെ സാമൂഹ്യ ആരോഗ്യ പ്രവർത്തകർ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ തീരപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും നഗരപ്രദേശങ്ങളിലെ ചേരിപ്രദേശത്തും സാമൂഹ്യ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നറിയിച്ചു. ആയിരം ജനങ്ങൾക്ക് ഒരു പ്രവർത്തക എന്ന നിലയിലാണ് ആദ്യഘട്ടത്തിൽ പ്രവർത്തകരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയുന്നു:

അതത് പ്രദേശത്തെ താമസക്കാരിയായിരിക്കണം. വിവാഹിത-
യോ വിവാഹമോചനം നേടിയയാളോ വിധവയോ ആയിരിക്കണം.

25-ഉം 45-ഉം വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം.

മികച്ച ആശയവിനിമയ കഴിവും നേതൃത്വഗുണവും ഉണ്ടായിരി-
ക്കണം 8-ാംതരംവരെയെങ്കിലും വിദ്യാഭ്യാസം കിട്ടിയവരാകണം.

അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടത്ര
പ്രാതിനിധ്യം നൽകണം.

ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസേവകർക്ക്
കഴിയുന്നത്ര മുൻഗണന നൽകണം.

ഇവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ജില്ലാതലത്തിൽ മേൽനോട്ടം വഹിക്കുന്നത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയാണ്.

130 (*539) ഹൈഡ്രോളജി പ്രോജക്ട്

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുന്നതിന് 18.35 കോടി രൂപയുടെ ലോക ബാങ്ക് അനുമതി ലഭിച്ചതിൽ ഭൂതലജല വിഭാഗത്തിന്റെ വിഹിതം 7.55 കോടി രൂപയും ഭൂജല വിഭാഗത്തിന്റെ വിഹിതം 10.8 കോടി രൂപയുമാണെന്നറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

187 (3848) പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ

2001-2006 കാലത്ത് പുതുതായി ചിറക്കര, കുമ്മിൾ, കോരുത്തോട്, ദേവികുളം, തെങ്കര, മുതുവല്ലൂർ, കാലടി, കട്ടിപ്പാറ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

188 (3865) ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റുമെന്റ്

1996-97 മുതൽ 2005-06 വരെയുള്ള നഗരസഭകളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റുമെന്റ് തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസികളുടെ സഹായം തേടുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 2006-07 മുതൽ നഗരസഭാ ജീവനക്കാർതന്നെ തയ്യാറാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതുപ്രകാരം 50 നഗരസഭകൾ 2006-07 വർഷംവരെ ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റുമെന്റ്, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

189 (3886) എസ്.ജി.ആർ.വൈ.പദ്ധതി

എസ്.ജി.ആർ.വൈ.പദ്ധതിക്കായി കേന്ദ്രഗവണ്മെന്റ് നൽകുന്ന ഭക്ഷ്യ ധാന്യത്തിന്റെ വില കിലോഗ്രാമിന് 6.20 രൂപയിൽനിന്ന് 16-4-2007 മുതൽ കിലോഗ്രാമിന് 8.90 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

190 (3917) <u>കെ.എസ്.ആർ.ടി.സി.യുടെ എം.എ.സി.ടി.ബാദ്ധ്യത</u>

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെടുന്ന കേസ്സുകളിൽ 2006 മാർച്ച് വരെ ക്ളെയിം തുക ഒടുക്കുവാനുള്ള 7474 കേസ്സുകൾക്കായി 73.42 കോടി രൂപ വേണ്ടിവരും. എം.എ.സി.ടി ബാദ്ധ്യത തീർക്കുന്നതിനായി അവാർഡ് തുക പലിശരഹിതമായി സ്വീകരിക്കുവാൻ തയ്യാറാകുന്നവർക്ക് ഉടൻതന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോടതി പുറപ്പെടുവിക്കുന്ന ഇടക്കാലാശ്വാസ ഉത്തരവുകളോടൊപ്പം 25,000 രൂപവരെയുള്ള വിധി തുകകളും വിധി തീയതിയുടെ മുൻഗണനാ ക്രമത്തിൽ നൽകിവരുന്നു.

191 (3933) <u>പ്രിന്റിംഗ് വകുപ്പിൽ ആധുനികവൽക്കരണം</u>

2007-08 അദ്ധ്യയന വർഷത്തേയ്ക്കുള്ള എട്ടാം സ്റ്റാൻഡേർഡിലെ 13 ശീർഷകങ്ങളിലുള്ള 14,97,650 പാഠപുസ്തകങ്ങൾ നിലവിലുള്ള മെഷീനറികൾ ഉപയോഗിച്ച് സമയബന്ധിതമായി അച്ചടിച്ചു നൽകിയിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രിന്റിംഗ് വകുപ്പിൽ ഏതൊക്കെ മെഷീനുകൾ വാങ്ങണമെന്നതുസംബന്ധിച്ച് പരിശോധിച്ചുവരുന്നുണ്ട്.

192 (4012) <u>മഴവെള്ളക്കൊയ്ത്ത് പദ്ധതി</u>

കേരള വാട്ടർ അതോറിറ്റി 'വർഷ' പദ്ധതിക്ക് 2002-2007 കാലയളവിൽ 932.60 ലക്ഷം രൂപയും ജലനിധി ഇതുവരെ 135.22 ലക്ഷം രൂപയും ചെലവഴിച്ചു. കേരള വാട്ടർ അതോറിറ്റി നാളിതുവരെ 1562 'വർഷ' യൂണിറ്റുകളും ഭൂജലവകുപ്പ് 159 സംഭരണികളും നിർമ്മിച്ചു. മഴവെള്ള സംഭരണ പദ്ധതിയുടെ പ്രചാരണത്തിനായി ജലനിധി ഇതുവരെ 50.08 ലക്ഷം

രൂപയും ഭൂജലവകുപ്പ് 2004-05 മുതൽ 2006-07 വരെ 1,29,826 രൂപയും ചെലവാക്കിയിട്ടുണ്ട്.

193 (4032) <u>കടൽത്തീര സംരക്ഷണത്തിനായി പദ്ധതി</u>

52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും 60 കി.മീ. നീളത്തിൽ പുനരുദ്ധാരണ പണികൾക്കുമായി 216.96 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രഗവണ്മെന്റിന്റെ 'നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ' ഉൾപ്പെടുത്തുവാൻ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ചില പണികൾ പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കടൽത്തീരം സംരക്ഷിക്കുന്നതിന് 2006-2010 കാലയളവിലേയ്ക്കായി 175 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

194 (4038) <u>കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി</u>

1986-ൽ ആരംഭിച്ച കമാന്റ് ഏരിയാ ഡെവലപ്മെന്റ് പദ്ധതിയനുസരിച്ച് കേരളത്തിൽ 16 പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിച്ചു. 1.4.2004 മുതൽ ഈ പദ്ധതി പുന:ക്രമീകരിച്ചതിന്റെയടിസ്ഥാനത്തിൽ നേരത്തെയുണ്ടായിരുന്ന കംപോണന്റുകളായ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ, റിക്ളമേഷൻ പണികൾ എന്നിവയ്ക്കുപുറമെ പുതിയ കംപോണന്റുകളായ കനാലുകളുടെ (4.25 കുമെക്സിൽ താഴെ ഡിസ്ചാർജ്ജ് കപ്പാസിറ്റിയുള്ള) പുനരുദ്ധാരണ പണികൾ ഏറ്റെടുത്ത് നിലവിലുള്ള സിസ്റ്റത്തിന്റെ പോരായ്മകൾ നികത്തൽ, കമാന്റ് ഏരിയയിലുള്ള ഇറിഗേഷൻ ടാങ്കുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഗ്രിക്കൾച്ചറൽ കംപോണന്റുകളായ അഡാപ്റ്റീവ് ട്രയൽ, ഡെമോൺസ്ട്രേഷൻ, ട്രെയിനിംഗ്

എന്നിവ സോഫ്റ്റ് വെയർ സ്കീം ആയി വ്യത്യാസപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.